**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 204** **13-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിന്റെ രണ്ട് ലക്ഷം രൂപയെന്ന വായ്പാ പരിധി ഉയർത്താൻ നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ 2,00,000/- രൂപ വരെയുള്ള നിക്ഷേപങ്ങൾക്കാണ് നിലവിൽ നിക്ഷേപ ഗ്യാരന്റി നൽകുന്നത്. 22.09.2018 ലെ ജി.ഒ(പി) നം. 116/2018/സഹ. നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന കേരള നിക്ഷേപ ഗ്യാരന്റി സ്കീം 2018 പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി സ്കീമിലെ വ്യവസ്ഥ ചുവടെ ചേർക്കുന്നു.<br><br>**(9)Utilization of the fund**<br><br>**(a)** Settlement of claims in respect of the deposits which are guaranteed. The amount guaranteed per depositor per Bank/Society shall not exceed rupees two lakhs.<br><br>ഈ സ്കീം നടപ്പിലാക്കുന്നതിന് വേണ്ടി ജി.ഒ(ആർ.ടി.)നം.575/2018/സഹ. നമ്പർ പ്രകാരമുള്ള റെഗുലേഷൻസിലെ വ്യവസ്ഥ താഴെ ചേർക്കുന്നു.<br><br>(5) Settlement of claims (1) where an order for winding up or liquidation of a Deposit Guaranteed Cooperative Society is made, the Board shall subject to the provisions of this scheme be liable to pay to every depositor of that Society an amount equal to the amount due to him in respect of this deposit in that society at the time when such order is made subject to a maximum of rupees two lakhs. Provided that the liability of the Board in respect of a guaranteed society shall be limited to deposit as on the date |

| | | | |
|---|---|---|---|
| | | | of the cancellation of the registration of the society.<br><br>കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരമുള്ള ഗ്യാരന്റി പരിധി 2,00,000/- രൂപയിൽ നിന്ന് 5,00,000/- രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ 12.05.2022 ലെ സ.ഉ(സാധാ)നം. 329/2022/സഹ. ഉത്തരവ് പ്രകാരം സർക്കാർ തത്വത്തിൽ അനുമതി നല്കി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 27.06.2022 ന് ചേർന്ന ബോർഡ് യോഗം ഗ്യാരന്റി പരിധി 2 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയായി ഉയർത്തുന്നതിന് തത്വത്തിൽ അനുമതി നൽകുകയും ചെയ്തു നിലവിലെ സ്കീം ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്. |
| (ബി) | നിക്ഷേപം തിരിച്ച് കിട്ടുമെന്ന ഉറപ്പ് നിക്ഷേപകർക്ക് നൽകുവാനും ലിക്വിഡേഷൻ സ്റ്റേജിൽ മാത്രമേ പ്രസ്തുത പണം തിരികെ നൽകൂ എന്ന നിബന്ധന ഒഴിവാക്കുവാനും നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ 2,00,000/- രൂപ വരെയുള്ള നിക്ഷേപങ്ങൾക്കാണ് നിലവിൽ നിക്ഷേപ ഗ്യാരന്റി നൽകുന്നത്. 22.09.2018 ലെ ജി.ഒ(പി) നം. 116/2018/സഹ. നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന കേരള നിക്ഷേപ ഗ്യാരന്റി സ്കീം 2018 പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി സ്കീമിലെ വ്യവസ്ഥ ചുവടെ ചേർക്കുന്നു.<br><br>**(9)Utilization of the fund**<br><br>**(a)** Settlement of claims in respect of the deposits which are guaranteed. The amount guaranteed per depositor per Bank/Society shall not exceed rupees two lakhs.<br><br>ഈ സ്കീം നടപ്പിലാക്കുന്നതിന് വേണ്ടി ജി.ഒ(ആർ.ടി.)നം.575/2018/സഹ. നമ്പർ പ്രകാരമുള്ള റെഗുലേഷൻസിലെ വ്യവസ്ഥ താഴെ ചേർക്കുന്നു.<br><br>(5) Settlement of claims (1) where an order for winding up or liquidation of a Deposit Guaranteed Cooperative Society is made, the Board shall subject to the provisions of this scheme be liable to pay to every depositor of that Society an amount equal to the amount due to him in respect of this deposit in that society at the time when such order is made subject to a maximum of rupees two lakhs. Provided that the |

| | | | |
|---|---|---|---|
| | | | liability of the Board in respect of a guaranteed society shall be limited to deposit as on the date of the cancellation of the registration of the society.<br><br>കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരമുള്ള ഗ്യാരന്റി പരിധി 2,00,000/- രൂപയിൽ നിന്ന് 5,00,000/- രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ 12.05.2022 ലെ സ.ഉ(സാധാ)നം. 329/2022/സഹ. ഉത്തരവ് പ്രകാരം സർക്കാർ തത്വത്തിൽ അനുമതി നല്കി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 27.06.2022 ന് ചേർന്ന ബോർഡ് യോഗം ഗ്യാരന്റി പരിധി 2 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയായി ഉയർത്തുന്നതിന് തത്വത്തിൽ അനുമതി നൽകുകയും ചെയ്തു നിലവിലെ സ്കീം ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്. |
| (സി) | നിലവിൽ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം സർക്കാർ ഉത്തരവ് മുഖേനയാണോ നടപ്പിലാക്കുന്നതെന്നും സഹകരണ ബാങ്കുകളിലെ മുഴുവൻ നിക്ഷേപവും സമയപരിധിയില്ലാതെ തിരികെ നൽകാമെന്ന് ഉറപ്പ് നൽകുന്നതിനായുള്ള നിയമനിർമ്മാണത്തിന് തയ്യാറാകുമോയെന്നും വ്യക്തമാക്കാമോ? | (സി) | നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള സ്കീം അനുസരിച്ചാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ